**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 406** **23-08-2022 - ൽ മറുപടിയ്ക്ക്**

**ലഹരിവസ്തുക്കൾ കൈവശംവച്ചവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ മദ്യം വാറ്റിയതിനോ ലഹരിവസ്തുക്കൾ കൈവശം വച്ചതിനോ എക്സൈസ് കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത വ്യക്തികൾക്കെതിരെ എന്തൊക്കെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി റെയ്ഞ്ചിൽ ഇത്തരം രണ്ട് കേസുകൾ എടുത്തിട്ടുണ്ട്.<br><br>ക്രൈം നം.265/2016 കേസിലെ രണ്ടാം പ്രതിയായ അനിതയെന്ന അദ്ധ്യാപികയെ ബഹു. കോടതി കുറ്റവിമുക്തയാക്കിയിട്ടുണ്ട്. ക്രൈം നം.99/2021 കേസിൽ പ്രതിയായ ബൈജു എന്ന അദ്ധ്യാപകനെതിരെ കേസെടുത്തിട്ടുള്ളതും ടിയാൻ ഇപ്പോൾ ബഹു. കോടതിയുടെ ജാമ്യത്തിലുമാണ്. കേസന്വേഷണം നടന്നു വരുന്നു. |
| (സി) | ഇത്തരം അധ്യാപകരെ സർവീസിൽ നിന്നും ഒഴിവാക്കി സർവീസ് ചട്ടപ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാക്കുന്നതിന് പ്രസ്തുത കേസുകൾ സംബന്ധിച്ച റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | വിദ്യാഭ്യാസ വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബൈജു എന്ന അധ്യാപകൻ ഇപ്പോൾ സസ്പെൻഷനിലാണ്. |

സെക്ഷൻ ഓഫീസർ